ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.07.2025** **TIME :07.25 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി -മാൽഡിവീസ് പ്രസിഡന്റ് മുഹമ്മദ് മുയിസു വുമായി പ്രതിനിധി തല ചർച്ച നടത്തി. ഇരുരാജ്യങ്ങളും വിവിധ കരാറുകളിൽ ഒപ്പുവച്ചു.

   **India and Maldives exchange several agreements after delegation-level talks between Prime Minister Narendra Modi and President of Maldives.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ തമിഴ്നാട്ടിലെത്തും. സംസ്ഥാനത്ത് വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.

   **The Prime Minister to arrive in Tamil Nadu tomorrow for a two-day visit. He will launch various development projects in the state.**

3. നിയമസഭാ പാസാക്കിയ ബില്ലുകളിൽ തീരുമാനം വൈകുന്നതുമായി ബന്ധപ്പെട്ട് ഗവർണർക്കെതിരെ സമർപ്പിച്ച ഹർജികൾ പിൻവലിക്കാൻ കേരളത്തിന് സുപ്രീം കോടതിയുടെ അനുമതി.

   **The Supreme Court allows Kerala to withdraw the petitions filed against the Governor regarding the delay in the decision on the bills passed by the Assembly.**

4. പാർലമെന്റിൽ ഇന്നും¬ പ്രതിപക്ഷ പ്രതിഷേധം. പഹൽഗാം ഭീകരാക്രമണവും ഓപ്പറേഷൻ സിന്ദൂറും തിങ്കളാഴ്ച പാർലമെന്റിൽ ചർച്ച ചെയ്യുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

Opposition protests continue in Parliament today. Union Minister Kiren Rijiju said that the Pahalgam terror attack and Operation Sindoor will be discussed in Parliament on Monday.

5. **FIDE വനിതാ ലോകകപ്പ് സെമിയിൽ ഇന്ത്യൻ വനിതാ ഒന്നാം നമ്പർ താരം കൊനേരു ഹംബിക്ക് ഉജ്വല വിജയം.**

Indian women's number one Koneru Hambi wins a resounding victory in the FIDE Women's World Cup semi-finals

*************************************

## MURMU – 03 YEARS

രാഷ്ട്രപതിയായി മൂന്ന് വർഷം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു. ഇതോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിലും പ്രസിഡന്റ്സ് എസ്റ്റേറ്റിലും നടന്ന പ്രധാന പരിപാടികളിൽ ശ്രീമതി മുർമു പങ്കെടുത്തു. കഴിഞ്ഞ മൂന്നു വർഷങ്ങൾ കൊണ്ട് പൊതുജനങ്ങൾക്ക് രാഷ്ട്രപതി ഭവനുമായുള്ള ബന്ധം വളർത്തുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താനായതിൽ രാഷ്ട്രപതി സന്തുഷ്ടി രേഖപ്പെടുത്തി.

*************************************

## PM MALDIVES TALKS (INTRO)

വിദേശ പര്യടനത്തിന്റെ ഭാഗമായി മാൽഡീവിസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി -മാൽഡിവീസ് പ്രസിഡന്റ് മുഹമ്മദ് മുയിസു വുമായി പ്രതിനിധി തല ചർച്ച നടത്തി. വിദേശകാര്യ മന്ത്രി എസ് .ജയ്ശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ,മറ്റു മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു. ഇരു രാജ്യങ്ങളും വിവിധ കരാറുകളിൽ ഒപ്പുവച്ചു. ഇന്ത്യയുടെ അയൽപക്കം ആദ്യം എന്ന നയത്തിൽ ഏറ്റവും പ്രധാനപ്പെട്ട രാജ്യമാണ് മാൽദ്വീവ്സ് എന്ന് പ്രധാനമന്ത്രി സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് - വോയിസ്)

മാൽദ്വീവ്സിന് അവശ്യഘട്ടങ്ങളിൽ അടിയന്തര സഹായം ലഭ്യമാക്കുന്നതിന് ഇന്ത്യയ്ക്ക് നന്ദി അറിയിക്കുന്നതായി പ്രസിഡന്റ് മൊയ്സു പറഞ്ഞു. ദ്വീപ് സന്ദർശനത്തിനായി എത്തിയ പ്രധാനമന്ത്രിക്ക് ആചാരപരമായ വരവേൽപ്പാണ് ലഭിച്ചത്.

*****************************************

## PM TN VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ തമിഴ്നാട്ടിലെത്തും. തൂത്തുക്കുടിയിൽ 4,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം നാളെ തുടക്കം കുറിക്കും. തൂത്തുക്കുടി വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ, വിവിധ ദേശീയ പാതാ പദ്ധതികൾ, റെയിൽവേ അടിസ്ഥാന സൗകര്യപദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. തൂത്തുക്കുടി ചിദംബരനാർ തുറമുഖത്തിലെ മൂന്നാമത്തെ നോർത്ത് കാർഗോ ബർത്തിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

*****************************************

## PM- VIKASITH BHARATH

രാജ്യത്ത് സമഗ്രവും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള പിഎം വികസിത് ഭാരത് റോസ്ഗാർ യോജന അടുത്തമാസം ഒന്നു മുതൽ പ്രാബല്യത്തിൽ വരും. പദ്ധതിയിലൂടെ രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് 3.5 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. 99,446 കോടി രൂപയുടേതാണ് പദ്ധതി. ഇതിൽ 1.92 കോടി ഗുണഭോക്താക്കൾ ആദ്യമായി തൊഴിൽ സേനയിൽ പ്രവേശിക്കുന്നവരായിരിക്കും.

*****************************************

## SUPREME COURT -KERALA

നിയമസഭാ പാസാക്കിയ ബില്ലുകളിൽ തീരുമാനം വൈകുന്നതുമായി ബന്ധപ്പെട്ട് ഗവർണർക്കെതിരെ സമർപ്പിച്ച രണ്ടു ഹർജികൾ പിൻവലിക്കാൻ കേരളത്തിന് സുപ്രീം കോടതിയുടെ അനുമതി. നീക്കത്തിനെതിരെ കേന്ദ്ര സർക്കാർ ഉയർത്തിയ വാദങ്ങൾ പരമോന്നത കോടതി തള്ളി. ജസ്റ്റിസ് PS നരസിംഹ, ജസ്റ്റിസ് AS ചന്ദുർക്കർ എന്നിവവരടങ്ങിയ ബഞ്ചിന്റേതാണ് തീരുമാനം. ഹർജി പിൻവലിക്കുന്നതിൽ നിന്നും പരാതിക്കാരനെ തടയാനാവില്ലെന്ന് ജസ്റ്റിസ് P.S.നരസിംഹ അഭിപ്രായപ്പെട്ടു.

*************************************

## DEFENCE-RADAR

അത്യാധുനിക റഡാർ സംവിധാനങ്ങൾ കരസേനയ്ക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള കരാറിൽ പ്രതിരോധ മന്ത്രാലയവും, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഒപ്പുവച്ചു. രണ്ടായിരം കോടി രൂപയുടേതാണ് കരാർ. ശത്രുരാജ്യങ്ങളുടെ ആളില്ലാ വിമാനങ്ങൾ, പോർവിമാനങ്ങൾ, ഹെലികോപ്പ്ടറുകൾ എന്നിവയെ ഫലപ്രദമായി ചെറുക്കാൻ ഈ സംവിധാനം സഹായിക്കും. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറിയുടെ സാന്നിധ്യത്തിലാണ് കരാർ കൈമാറ്റം നടന്നത്.

*************************************

## MoS SOUTH AFRICA

ദക്ഷിണാഫ്രിക്കയിൽ നടന്ന ജി -20 വികസന മന്ത്രിമാരുടെ യോഗത്തിന്റെ ആദ്യ സെഷനിൽ വിദേശകാര്യ സഹമന്ത്രി പാബിത്ര മാർഗരിറ്റ പങ്കെടുത്തു. എല്ലാവർക്കും സമഗ്രമായ സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിൽ ഇന്ത്യയുടെ പ്രധാന നേട്ടങ്ങൾ മാർഗരിറ്റ യോഗത്തിൽ വ്യക്തമാക്കി. അന്താരാഷ്ട്ര സോളാർ സഖ്യത്തിലും ദുരന്ത പ്രതിരോധ അടിസ്ഥാന

സൗകര്യങ്ങൾക്കായുള്ള സഖ്യത്തിലും ചേരാൻ അദ്ദേഹം ദക്ഷിണാഫ്രിക്കയെ ക്ഷണിച്ചു.

******************************************

## LS – RS – ADJOURN

വർഷകാല സമ്മേളനത്തിന്റെ അഞ്ചാം ദിനവും പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിൽ ഇരുസഭകളും പിരിഞ്ഞു. കാർഗിൽ യുദ്ധത്തിൽ രാജ്യത്തിനായി ജീവൻ സമർപ്പിച്ച ധീര സൈനികരുടെ ത്യാഗങ്ങളെ അനുസ്മരിച്ചു കൊണ്ടാണ് ഇന്ന് ലോക്സഭാ നടപടികൾ ആരംഭിച്ചത്. നാളെയാണ് കാർഗിൽ വിജയ് ദിവസ്. രാജ്യസഭാ രാവിലെ സമ്മേളിച്ചപ്പോൾ മക്കൾ നീതി മയ്യം പാർട്ടി നേതാവും പ്രശസ്ത നടനുമായ കമലഹാസൻ ഉൾപ്പെടെ തമിഴ്നാട്ടിൽ നിന്നും നാലുപേർ രാജ്യസഭാ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. ബിഹാർ തീവ്ര വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷത്തിന്റെ പ്രതിഷേധത്തെ തുടർന്ന് സഭാനടപടികൾ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാജ്യസഭയിലും സമാനരീതിയിലുള്ള പ്രതിഷേധമാണ് നടന്നത്.

******************************************

## LS – ALL PARTY MEETING

വർഷകാല സമ്മേളനത്തിൽ സഭയുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് ലോക്സഭയിലെ എല്ലാ പാർട്ടികളുടെയും യോഗം വിളിച്ചുചേർത്തു. തിങ്കളാഴ്ച മുതൽ സഭയുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ യോഗത്തിൽ ധാരണയായി.

******************************************

## RIJIJU (INTRO)

പഹൽഗാം ഭീകരാക്രമണവും ഓപ്പറേഷൻ സിന്ദൂറും സംബന്ധിച്ച് തിങ്കളാഴ്ച പാർലമെന്റിൽ പ്രത്യേക ചർച്ച നടത്തുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ലോക്സഭാ സ്പീക്കർ ഓംബിർല വിളിച്ച സർവ്വകക്ഷി യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് - വോയിസ്)

******************************************

## CHESS KONERU HUMPY

ജോർജിയയിൽ നടക്കുന്ന FIDE വനിതാ ലോകകപ്പ് സെമിയിൽ ഇന്ത്യൻ വനിതാ ഒന്നാം നമ്പർ താരം കൊനേരു ഹംബിക്ക് ഉജ്വല വിജയം. ചൈനയുടെ ടോപ് സീഡ് ലെ ടിഞ്ചിയെ 5-3 നു കീഴടക്കിയാണ് ഹംപി കലാശപോരാട്ടത്തിന് യോഗ്യത നേടിയത്. ഇന്ത്യൻ കൗമാര താരം ദിവ്യ ദേശ് മുഖിനെയാണ് ഫൈനലിൽ ഹംപി നേരിടുക.

******************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 124 -ാം പതിപ്പാണിത്.

******************************************

## KANNUR - JAIL

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമി തടവുചാടിയ സംഭവവുമായി

ബന്ധപ്പെട്ട് നാല് ജയിൽ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്താൻ ജയിൽ ഡിജിപി ഉത്തരവിട്ടു. പിന്നീട് പോലീസ് പിടികൂടിയ ഇയാളെ കണ്ണൂർ സെൻട്രൽ ജയിലിലെത്തിച്ച് തെളിവെടുപ്പ് നടത്തിയതിനുശേഷം കോടതിയിൽ ഹാജരാക്കി. നാളെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റും.

*****************************************

## SCHOOL TIMING

കേരളത്തിൽ സ്കൂൾ സമയമാറ്റം സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ഭൂരിഭാഗം വരുന്ന സംഘടനകളും അനുകൂലിച്ചതായി മന്ത്രി വി ശിവൻകുട്ടി. ഈ വർഷം നിലവിൽ നിശ്ചയിച്ച രീതി തുടരുമെന്നും പുതിയ മാറ്റങ്ങൾ അടുത്ത അധ്യയന വർഷം പരിഗണിക്കുമെന്നും
അദ്ദേഹം പറഞ്ഞു. ഹൈസ്കൂൾ വിഭാഗത്തിന് രാവിലെ 15 മിനിട്ടും ഉച്ചകഴിഞ്ഞ് 15 മിനുട്ടും അധിക പ്രവർത്തി സമയം ഉൾപ്പെടുത്തി രാവിലെ 9.45 മുതൽ വൈകുന്നേരം 4.15 വരെയാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.

*****************************************

## RAIN

കേരളത്തിൽ അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെയും 7 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*****************************************

## PM ARTICLE

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാർ രാജ്യത്തെ കർഷകർ, മൽസ്യത്തൊഴിലാളികൾ , കരകൗശല വിദഗ്ധർ എന്നിവരെ ശാക്തീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാദിവസവും മികച്ച വിലയിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉറപ്പാക്കാനും ഇത് സഹായിക്കും. ഒരു ദേശീയ പത്രത്തിൽ പ്രസിദ്ധീകരിച്ച കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയലിന്റെ ലേഖനം സമൂഹമാധ്യമത്തിലൂടെ പങ്കുവയ്ക്കുകയായിരുന്നു പ്രധാനമന്ത്രി. സമുദ്രോത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നീ മേഖലകളിൽ കരാറിലൂടെ കേരളത്തിന് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷ.

*****************************************

## INDIA-UK FTA RBI GOVERNOR

ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാർ, ഉൽപ്പാദനം, സേവനം വ്യവസായം എന്നിവയുൾപ്പെടെ രാജ്യത്തെ വിവിധ മേഖലകൾക്ക് ഗുണം ചെയ്യുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര. യുഎസുമായുള്ള വ്യാപാര ചർച്ചകൾ പുരോഗമിക്കുകയാണെന്നും സഞ്ജയ് മൽഹോത്ര വ്യക്തമാക്കി.

*****************************************

## INDIA/UK-FREE TRADE AGREEMENT

ഇന്ത്യ- യു.കെ സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമായതോടെ ഉത്തരാഖണ്ഡിലെ ബസുമതി അരിക്ക് അന്താരാഷ്ട്ര വിപണിയിൽ മികച്ച വില ലഭിക്കുമെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി. പ്രാദേശിക ഉത്പന്നങ്ങൾക്ക് വലിയ തോതിൽ വിപണി സാധ്യത ഉറപ്പുവരുത്താനുള്ള സുപ്രധാന ചുവടുവയ്പ്പാണ് കരാറെന്നും ഇത് സംസ്ഥാനത്തെ കർഷകരുടെ

വരുമാനവും വർദ്ധിപ്പിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************************

## KERALA-PMSBY SUCCESS

കേന്ദ്ര സർക്കാരിന്റെ സുപ്രധാന ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയിൽ എല്ലാ വിദ്യാർത്ഥികളെയും ചേർക്കാനുള്ള നടപടിയുമായി കേരളത്തിലെ മലപ്പുറം ജില്ലയിലെ മർകസ് ആർട്സ് ആൻഡ് സയൻസ് കോളേജ്. ഏകദേശം 700 ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളാണ് PMSBY-യിൽ ചേരുന്നത്.

*************************************

## THAILAND- CAMBODIA

തായ്‌ലൻഡ് - കംബോഡിയ അതിർത്തിയിൽ സംഘർഷം രൂക്ഷമാകുന്നു. ആക്രമണങ്ങളിൽ 14 തായ് പൗരന്മാർ കൊല്ലപ്പെട്ടു. 46 ഓളം പേർക്ക് പരിക്കേറ്റു. കംബോഡിയയിലെ വിവിധ പ്രദേശങ്ങളെ ആക്രമിക്കുന്നതിനായി F-16 പോർവിമാനങ്ങൾ, ക്ലസ്റ്റർ ബോംബുകൾ എന്നിവ തായ് സേന ഉപയോഗിക്കുകയാണെന്ന് കമ്പോഡിയൻ വൃത്തങ്ങൾ ആരോപിച്ചു.

*************************************************************************

*************************************************************************